"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർ സ്ഥാനത്ത് നിന്നും ഒഴിവാകുന്നതിന് ശ്രീമതി ബിന്ദു അജി സമർപ്പിച്ച രാജി അപേക്ഷ സ്വീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2853/2025/LSGD തീയതി,തിരുവനന്തപുരം, 20-11-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.1563/2021/തസ്വഭവ; തീയതി 13.08.2021
2. കോട്ടയം ജില്ലയിലെ ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർ ശ്രീമതി ബിന്ദു അജി സമർപ്പിച്ച 18.11.2025ലെ രാജി അപേക്ഷ
3. കോട്ടയം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ 19.11.2025ലെ DPO-KTM/137/2025-RO1 നമ്പർ കത്ത്

**ഉത്തരവ്**

ജനകീയാസൂത്രണ പരിപാടിയുടെ പ്രവർത്തനം തൃപ്തികരമായി നടപ്പിലാക്കുന്നതിനും അത്തരം പ്രവർത്തനങ്ങളുടെ സംഘാടനം, ഏകോപനം, ഫെസിലിറ്റേഷൻ എന്നിവ ഉറപ്പുവരുത്തുന്നതിനുമായി പരാമർശം 1 പ്രകാരം ജില്ലാതല ഫെസിലിറ്റേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോട്ടയം ജില്ലയിൽ ശ്രീമതി ബിന്ദു അജി, അജി നിവാസ്, ഇടയാഴം, വെച്ചൂർ പി.ഒ, വൈക്കം - എന്നിവരെ ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർ ആയി നിയമിച്ചിരുന്നു.

2. കോട്ടയം ജില്ലയിലെ വെച്ചൂർ ഗ്രാമ പഞ്ചായത്തിൽ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് കാരണമായി കാണിച്ച്, കോട്ടയം ജില്ലയിലെ ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർ സ്ഥാനത്ത് നിന്നും രാജി വെക്കുന്നതിന് ശ്രീമതി ബിന്ദു അജി പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കോട്ടയം ജില്ലയിലെ ജനകീയാസൂത്രണം ജില്ലാ ഫെസിലിറ്റേറ്റർ സ്ഥാനത്ത് നിന്നും ഒഴിവാകുന്നതിന് ശ്രീമതി ബിന്ദു അജി, അജി നിവാസ്, ഇടയാഴം, വെച്ചൂർ പി.ഒ, വൈക്കം സമർപ്പിച്ച രാജി അപേക്ഷ സ്വീകരിച്ചുകൊണ്ടും, ശ്രീമതി ബിന്ദു അജിയെ തൽസ്ഥാനത്ത് നിന്നും വിടുതൽ ചെയ്തുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മധുസൂദനൻ വി
അണ്ടർ സെക്രട്ടറി

1. ശ്രീമതി ബിന്ദു അജി, അജി നിവാസ്, ഇടയാഴം, വെച്ചൂർ പി.ഒ, വൈക്കം

2. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
4. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
5. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, കോട്ടയം
6. ജില്ലാ കളക്ടർ, കോട്ടയം
7. ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം
8. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), കോട്ടയം
9. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
10. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
11. ഡയറക്ടർ ജനറൽ, കില
12. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
13. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
14. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
15. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 20-11-2025 14:47:53

സെക്ഷൻ ഓഫീസർ